**ശാസന**

<u>മി. സ്പീക്കർ</u>: ഓർഡർ......ഓർഡർ......

പീഡനക്കേസിൽ വാദിയായ കന്യാസ്ത്രീക്കെതിരെ ശ്രീ. പി. സി. ജോർജ് എം.എൽ.എ. മോശമായ പരാമർശം നടത്തിയിരിക്കുകയാണെന്നും അവരെ പിന്തുണച്ചവരെ അദ്ദേഹം സ്വഭാവഹത്യ നടത്താൻ ശ്രമിക്കുന്നുവെന്ന് ആരോപിച്ച് ലഭിച്ച പരാതിയിൽ പറയുന്ന കാര്യങ്ങൾ വസ്തുതാപരമായി ശരിയാണെന്നും പീഡനക്കേസിലെ ഇരയ്ക്ക് പൊതുസമൂഹം നൽകേണ്ട പിന്തുണയ്ക്കും സംരക്ഷണത്തിനും വിരുദ്ധമായി സമൂഹത്തിന് മാതൃകയാകേണ്ട ഒരു നിയമസഭാംഗം തന്റെ വ്യക്തി താൽപര്യങ്ങൾ മുൻനിർത്തി അവരെ മോശക്കാരിയായി ചിത്രീകരിക്കാൻ ശ്രമിക്കുന്നുവെന്ന ആക്ഷേപം വളരെ ഗൗരവതരമാണെന്നും പൊതുജീവിതത്തിൽ ഉയർന്ന നിലവാരത്തിലുമുള്ള സന്മാർഗികതയും അന്തസ്സും മര്യാദയും മൂല്യങ്ങളും നിലനിർത്താൻ നിയമസഭാംഗങ്ങൾ ബാധ്യസ്ഥരാണെന്നിരിക്കെ ശ്രീ. പി. സി. ജോർജിന്റെ ഈ വിഷയത്തിലുണ്ടായ പ്രവൃത്തികൾ നിയമസഭാംഗങ്ങളുടെ പെരുമാറ്റ ചട്ടങ്ങളുടെ ലംഘനമാണെന്നും നിയമസഭയുടെയും അംഗങ്ങളുടെയും

അന്തസ്സിന് കോട്ടം തട്ടുന്നതാണെന്നും അതിന്റെ പേരിൽ അദ്ദേഹത്തെ ശാസിക്കേണ്ടതാണെന്നും പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി അതിന്റെ ഏഴാമത്തെ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് 2021 ജനുവരി 21-ാം തീയതി സഭ അംഗീകരിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ കേരള നിയമസഭാംഗങ്ങളുടെ പെരുമാറ്റച്ചട്ടങ്ങളുടെ ചട്ടം 53 (ബി) നൽകുന്ന അധികാരം വിനിയോഗിച്ച് ശ്രീ. പി. സി. ജോർജിനെ സഭ ശാസിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങ് നൽകിയ ശാസന പ്രത്യേകിച്ച് എഥിക്സ് കമ്മിറ്റിയുടെ തീരുമാനപ്രകാരം നടത്തിയ ശാസനയെ വളരെ ആദരവോടുകൂടി ഞാൻ സ്വീകരിക്കുകയാണ്. ഒരു തർക്കവും വേണ്ട. പക്ഷെ വേറൊരു കാര്യം, അങ്ങേയ്ക്ക് ഞാനൊരു കത്ത് നൽകിയിട്ടുണ്ടായിരുന്നു. അതിൽ ചെറിയൊരു മാറ്റമുണ്ട്, വ്യക്തിപരമായി ഞാൻ ഒരു ക്രൈസ്തവനാണ്. അപ്പോൾ ക്രൈസ്തവനെന്ന നിലയിൽ ഞങ്ങളുടെ ഒരു അഭിവന്ദ്യ പിതാവിനെതിരെ ചില സ്ത്രീകൾ പരാമർശം നടത്തിയപ്പോൾ അതിനെതിരെ ഞാൻ പരാമർശം നടത്തിയെന്നതിന്റെ പേരിലാണ് ഈ ശാസന. അതുകൊണ്ട് ഈ ശാസന ഞാൻ സ്വീകരിക്കുന്നു.

പക്ഷെ അങ്ങയോട് എനിക്കൊരു അപേക്ഷയുള്ളതെന്തെന്ന് വച്ചാൽ ഞാനിപ്പോൾ ഒരു ളോഹയിട്ട് ഇവിടെ വന്ന് നിന്നിട്ട് ഞാൻ വൈദികനാണെന്ന് പറഞ്ഞാൽ ആരെങ്കിലും അംഗീകരിക്കുമോ? അത് സാധ്യമല്ല. അതുപോലെ എഥിക്സ് കമ്മിറ്റി പറഞ്ഞിരിക്കുന്നത് കന്യാസ്ത്രീക്കെതിരെയെന്നാണ്. സർ, സഭയിൽനിന്നും പുറത്താക്കപ്പെട്ട ഒരു സ്ത്രീ എങ്ങനെയാണ് കന്യാസ്ത്രീയാകുന്നത്? ഞാൻ അങ്ങേയ്ക്ക് നൽകിയ കത്ത് അതാണ്. എഥിക്സ് കമ്മിറ്റിയുടെ ഏഴാമത് റിപ്പോർട്ടിൽ പീഡനക്കേസ്സിൽ വാദിയായത് കന്യാസ്ത്രീയെന്ന് കാണുന്നു. എന്നാൽ ടി സ്ത്രീ സഭയിൽ നിന്നും പുറത്താക്കപ്പെട്ട ആളാണ്. കന്യാസ്ത്രീയെന്ന് പറയാൻ അവർക്ക് അവകാശമില്ല. ആ നിലയ്ക്ക് ആ സ്ത്രീയെ കന്യാസ്ത്രീയെന്ന പ്രയോഗം സഭാ നടപടികളിൽനിന്നും നീക്കം ചെയ്യണമെന്നാണ് അങ്ങയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതെന്റെയൊരു അഭ്യർത്ഥനയാണ്. അങ്ങ് റൂൾ ചെയ്യുമെന്ന് ഞാൻ കരുതുന്നു.

<u>മി. സ്പീക്കർ:</u> കന്യാസ്ത്രീയാണെങ്കിലും കന്യാസ്ത്രീ അല്ലെങ്കിലും സ്ത്രീകളോടുള്ള പെരുമാറ്റവുമായി ബന്ധപ്പെട്ടാണ് സഭാ സമിതിയുടെ നിർദ്ദേശം. അത് അംഗീകരിക്കുകയാണ് വേണ്ടത്.